പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2665 28-10-2026-ൽ മറുപടിയ്ക്ക്

കൊണ്ടോട്ടി വലിയ തോട് സംരക്ഷണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. ടി. പി. അഷ്റഫലി	ശ്രീ. മോൻസ് ജോസഫ് (ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ കൊണ്ടോട്ടി മുനിസിപ്പാലിറ്റി, പുളിക്കൽ ഗ്രാമ പഞ്ചായത്ത്, ചെറുകാവ് ഗ്രാമ പഞ്ചായത്ത് എന്നീ പ്രദേശങ്ങളിലെ കർഷകർ ജലസേചനത്തിന് പ്രധാനമായും ആശ്രയിക്കുന്ന കൊണ്ടോട്ടി വലിയ തോടിന്റെ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: കൊണ്ടോട്ടി വലിയതോടിന്റെ വിവിധ ഭാഗങ്ങളിൽ സംരക്ഷണ ഭിത്തി തകർന്നതിനാൽ നീരൊഴുക്ക് തടസ്സപ്പെടുകയും മഴക്കാലത്ത് തോട് കവിഞ്ഞൊഴുകി സമീപത്തെ കൃഷിയിടങ്ങളിൽ കൃഷിനാശം സംഭവിക്കുകയും ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിന്റെയും പ്രദേശവാസികളുടെ പരാതികളുടെയും അടിസ്ഥാനത്തിൽ തോട് സംരക്ഷണത്തിനാവശ്യമായ പ്രവൃത്തികൾ തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത വിഷയത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) കൃഷി ആവശ്യത്തിനുള്ള ജല ലഭ്യത ഉറപ്പാക്കുന്ന രീതിയിൽ തോടിന്റെ ഇരുവശങ്ങളിലെ പാർശ്വഭിത്തി മുഴുവനായി കെട്ടി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

മറുപടി: ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച്, സൈറ്റിന്റെ സവിശേഷതകൾ പരിഗണിച്ച് മുൻഗണനാക്രമത്തിൽ തോടിന്റെ വശങ്ങളിൽ പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പിലാക്കാവുന്നതാണ്.

(ഡി) കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവള പ്രദേശവും, പാലക്കാട്-കോഴിക്കോട് ദേശീയ പാതയോരമായതും പരിഗണിച്ച് തോടിന്റെ ഇരുവശങ്ങളിലുമായി കട്ട വിരിച്ച് മനോഹരമാക്കി നടപ്പാതയും സൈക്കിൾ പാതയും നിർമ്മിച്ച് ഇറിഗേഷൻ വകുപ്പിന് കീഴിലുള്ള ടൂറിസം പ്രദേശമാക്കി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ?

മറുപടി: തോടിന്റെ വശങ്ങളിലെ സ്ഥലലഭ്യതയും ഫണ്ടിന്റെ ലഭ്യതയും കണക്കിലെടുത്ത് , തോടിന്റെ വശങ്ങളിൽ കട്ട വിരിച്ച് സൗന്ദര്യവൽക്കരിക്കുന്ന പ്രവൃത്തി പരിഗണിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം

Sl. No.	Name of work	Amount (Rs.in Lakhs)
1	GENERAL-Construction of VCB cum bridge across Valiya Thodu in Kondotty Muncipality-Construction of VCB cum bridge across Valiya Thodu at Eriyadatharu in Ward 40 of Kondotty Municipality, Kondotty LA ,Malappuram District -General Civil Work	90.00
2	GENERAL-Desilting and Side protection work to Kondotty Valiya Thodu- in Ward 13 of Kondotty Muncipality-General Civil Work	35.00
3	Side Protection to Nediyirupp Valiya Thodu in Ward 18 of Kondotty Muncipality	6.00
4	Side Protection to Kondotty Valiya Thodu in Ward 13 of Kondotty Muncipality	90.00
5	Side protection works to Kondotty valiya thodu at Kodimaram thaithottam areas of Kondotty Municipalitty	25.00
6	Side Protection to Valiya Thodu in Ward 23 of Kondotty Municipality	3.00

Sandhya

സെക്ഷൻ ഓഫീസർ